ഉത്തരം

(എ) ഉണ്ട്.

(ബി) 2-7-1984-ൽ നിർമ്മാണമാരംഭിച്ചു. 15-11-1991-ൽ പണി പൂർത്തിയായി.

(സി) ശ്രീ. ജോയി ജേക്കബ്, അരീക്കൽ വീട്, പാപ്പലശ്ശേരി, അങ്കമാലി. ആകെ 17,08,946 രൂപ ചെലവായി.

(ഡി) അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) സ്വീകരിക്കുന്നതാണ്.

കുഴൽമന്ദം മണ്ഡലത്തിലെ മരാമത്ത് പണികൾ

77 (2016) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം മണ്ഡലത്തിലെ പൊതുമരാമത്തിന്റെ ഏതെല്ലാം വർക്കുകൾക്കാണ് 2003-04-ലെ ബഡ്ജറ്റിൽ തുക വക്കകൊള്ളിച്ചിരിക്കുന്നത് ;

(ബി) അതിൽ നിരത്തുകളുടെയും പാലങ്ങളുടേയും കെട്ടിടവിഭാഗങ്ങളിൽപ്പെടുന്നവയുടേയും ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോവർക്കിന്റേയും ആകെ എസ്റ്റിമേറ്റ്, ബഡ്ജറ്റ് എസ്റ്റിമേറ്റ്, ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചതാണോ എന്നീ വിവരങ്ങൾ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) കെട്ടിടവിഭാഗം

കുഴൽമന്ദം മണ്ഡലത്തിലെ സബ് ട്രഷറിക്കുവേണ്ടിയുള്ള കെട്ടിടം പണിക്കും പ്രീ എക്സാമിനേഷൻ സെന്ററിനും വേണ്ടിയുള്ള കെട്ടിടം പണിക്കുമാണ് 2003-04 -ലെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിരിക്കുന്നത്.

നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

(സി) സബ്ട്രഷറിക്കുവേണ്ടിയുള്ള കെട്ടിടം പണിയുടെ എസ്റ്റിമേറ്റ് തുക 12 ലക്ഷവും ബഡ്ജറ്റിൽ വകുകൊള്ളിച്ചിട്ടുള്ളത് 3 ലക്ഷം രൂപയുമാണ്. പ്രീ എക്സാമിനേഷൻ സെന്ററിനുവേണ്ടിയുള്ള കെട്ടിടം പണിയുടെ എസ്റ്റിമേറ്റ് തുക 60 ലക്ഷം രൂപയും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത് 1.56 ലക്ഷം രൂപയുമാണ്. മേൽ പറഞ്ഞ പ്രവൃത്തികൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടില്ല.

നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly